കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പകരം അനുയോജ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1111/2018/ തസ്വഭവ തിരുവനന്തപുരം, തീയതി, 18.04.2018.

വായന:- 09/03/2018 ലെ സ.ഉ.(കൈ) നം.32/18/തസ.സ്വ.ഭ.വ. നം. ഉത്തരവ്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പകരം അനുയോജ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ മുകളിൽ വായിച്ച ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുകളിൽ വായിച്ച ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

a) വായനയിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെ കൺവീനറായി അതത് തദ്ദേശ സ്വയംഭരണ വകുപ്പ് . എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നു. അതാത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ പ്രസ്തുത കമ്മിറ്റി രൂപീകരിച്ച് സമയബന്ധിതമായി നടപടി പൂർത്തീകരിക്കേണ്ടതാണ്.

b) സ്കൂളുകൾ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയർക്ക് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ കമ്മിറ്റി കൺവീനർക്ക് എത്രയും വേഗം കൈമാറേണ്ടതാണ്.

c) കൈമാറി കിട്ടിയ അപേക്ഷ ഏറ്റവും അടുത്ത ദിവസം തന്നെ കമ്മിറ്റികൂടി പരിഗണിക്കേണ്ടതും വായനയിലെ സർക്കാർ ഉത്തരവിന് അനുസൃതമായി തീരുമാനമെടുത്ത് തീർപ്പാക്കേണ്ടതുമാണ്.

d) കുട്ടികളുടെ സുരക്ഷ, ആരോഗ്യം എന്നിവ കണക്കിലെടുത്തും അദ്ധ്യയനം തടസ്സപ്പെടാത്ത രീതിയിലും ഏപ്രിൽ 30-ാം തീയ്യതിക്കകം തന്നെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അത് സംബന്ധിച്ച തീരുമാനം അടിയന്തിരമായി സ്വീകരിച്ച് മേൽ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

e) കെട്ടിടങ്ങളുടെ നിലവിലെ മൂല്യം എഴുതിതള്ളുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) ചുമതലപ്പെടുത്തിയിട്ടുള്ള KITE ന്റെ എഞ്ചിനീയർമാരുടെ സഹായത്തോടുകൂടി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രാഥമിക മൂല്യ നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട റിപ്പോർട്ട് സമിതി മുൻപാകെ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം മൂല്യം എഴുതിത്തള്ളിക്കഴിഞ്ഞാൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടി KITE ന്റെ മേൽനോട്ടത്തിൽ നിയോഗിക്കപ്പെടുന്ന കോൺട്രാക്ടർമാർ നിർവഹിക്കേണ്ടതും കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ അവർ മുഖേന നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(........2)

f) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിട്ടുത്തിയിട്ടുള്ള KITE ന്റെ എൻജിനീയർമാരുടെ സേവനം കെട്ടിടങ്ങളുടെ നിലവിലെ മൂല്യനിർണ്ണയം നടത്തുന്നതിന് എല്ലാ സ്കൂൾ തലത്തിലും ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വായനയിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
തദ്ദേശഭരണ വകുപ്പിലെ എല്ലാ എഞ്ചിനീയർമാർക്കും
എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്കും സെക്രട്ടറിമാർക്കും.
എല്ലാ വിദ്യാഭ്യാസ ഉപ'ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സി.ഇ.ഒ, എഡ്യുക്കേഷൻ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KITE, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ (റൂറൽ/അർബൻ) സെക്രട്ടറിയുടെ പി.എ യ്ക്ക്

<u>Endtt.No. DB4/9440/17/CE/LSGD,Dated 13.06.2018</u>

The engineers of this Department are directed to follow the directions in this Govt.Order and take necessary swift action in the subject matter

CHIEF ENGINEER